(സി) പോസ്റ്റ് - മെട്രിക് തലത്തിൽ, സ്ഥാപനങ്ങളിൽനിന്നും യഥാസമയം ഫണ്ട് സ്റ്റേറ്റ്മെന്റ് അയക്കാത്തതാണ് കടിശ്ശികവരാൻ കാരണം. യഥാസമയം ഫണ്ട് സ്റ്റേറ്റുമെന്റ് അയക്കുന്നതിനുള്ള നിർദ്ദേശം എല്ലാ സ്ഥാപന മേധാവികൾക്കും നൽകിയിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി

238 (3674) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രശസ്ത വിദേശ സർവ്വകലാ ശാലകളിൽ പഠനത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത് വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതി മുഖേന എന്തെല്ലാം ധനസഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി തലത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴ്സ് പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് സ്വദേശത്തോ, വിദേശത്തോ ലഭിക്കുന്ന തൊഴിൽ സാധ്യതയാണ് ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

(സി) വിദേശ രാജ്യങ്ങളിൽ വിവിധ യൂണിവേഴ്സിറ്റികൾ വിവിധ കോഴ്സുകൾക്ക്, വിവിധ നിരക്കുകളിലുള്ള ഫീസാണ് ഈടാക്കുന്നത്. അപേക്ഷകളുടെ മെറിറ്റ് പരിശോധിച്ചാണ് തുക അനുവദിച്ചുവരുന്നത്.

(ഡി) അപേക്ഷയുടെ മെറിറ്റും വകുപ്പ് തലവന്റെ ശിപാർശയും യൂണിവേഴ്സിറ്റിയുടെ നിലവാരവും ജോലി സാധ്യതയും കണക്കിലെടുത്താണ് ധനസഹായം അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly